(ബി) ജനസംഖ്യയിൽ എത്ര ശതമാനം മനോരോഗികളും ഉണ്ടെന്നാണു കണക്കു ;

(സി) മനോരോഗ ചികിൽസക്കായി എല്ലാ താലൂക്കു ആശുപത്രികളിലും സൗകര്യം ഏർപ്പെടുത്തുമോ ;

(ഡി) രോഗികളോടുള്ള ജീവനക്കാരുടെ സമീപന രീതിയിൽ മാറ്റം വരുത്താനായി അവർക്കു പ്രത്യേക പരിശീലന പരിപാടി നടപ്പാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 370-ഓളം പുരുഷൻമാരും 180-ഓളം സ്ത്രീകളും ചികിൽസയിൽ കഴിയുന്നു. ഏതാണ്ടു അതേ തോതിലും, അനുപാതത്തിലും രോഗികളും തൃശ്ശൂരും കോഴിക്കോട്ടും ഉണ്ടു.

(ബി) ഒരു ശതമാനം

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണു.

(ഡി) തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽ ഇതിനുള്ള പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണു. തൃശ്ശൂരും കോഴിക്കോട്ടും പരിശീലനം നൽകാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. തൃശ്ശൂരിൽ ഈ പരിശീലനം തുടങ്ങിയിട്ടുണ്ടു.

പേ വിഷബാധമൂലം മരിച്ചവർ

1539. [2305] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിലും 1986-87 വർഷത്തിൽ 25-10-1986 വരെയും സംസ്ഥാനത്തു പേപ്പട്ടിവിഷം മൂലം എത്രപേർ മരിച്ചു ;

(ബി) പേപ്പട്ടി വിഷബാധയ്ക്കുള്ള മരുന്നു കുത്തിവച്ചതിനുശേഷം മരിച്ചവർ എത്ര ;

(സി) പേപ്പട്ടി വിഷത്തിനു കുത്തിവയ്ക്കാനുള്ള മരുന്നുകളും ഇല്ലാത്ത എത്ര ആശുപത്രികളും സംസ്ഥാനത്തുണ്ടു ;

(ഡി) എല്ലാ ആശുപത്രികളിലും ആവശ്യത്തിനുള്ള മരുന്നു എത്തിക്കാൻ ഗവൺമെന്റു നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) 1985-86-ൽ 13 പേർ. 1986-87-ൽ 25-10-1986 വരെ 21 പേർ.

(ബി) മൂന്നുപേർ മരിച്ചതായി റിപ്പോർട്ടു ലഭിച്ചിട്ടുണ്ടു.

(സി) ആവശ്യാനുസരണം കുത്തിവയ്പിനുള്ള മരുന്നു സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വിതരണം ചെയ്യുന്നുണ്ടു.

(ഡി) എല്ലാ ആശുപത്രികളിലും പേപ്പട്ടി വിഷത്തിനെതിരായ കുത്തിവയ്പിനുള്ള മരുന്നു വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടു.

ചാത്തമംഗലം പഞ്ചായത്തിൽ അലോപ്പതി ആശുപത്രി

1540. [2307] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചാത്തമംഗലം പഞ്ചായത്തിലെ 10-ാം വാർഡിൽ നെച്ചൂളി പ്രദേശത്തു 1981-ൽ നാട്ടുകാർ ഗവൺമെന്റിനു വിട്ടുകൊടുത്ത ഒരേക്കർ സ്ഥലത്തു ഒരു അലോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം എത്രത്തോളമായെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly